**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഇന്ത്യൻ സായുധ സേനയിലെ എക്സ് കോമ്പാറ്റന്റ് ക്ലർക്ക്/സ്റ്റോർമാൻ എന്നീ തസ്തികകളിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സർവ്വീസിലെ എൽ.ഡി.ക്ലർക്ക്/ജൂനിയർ ക്ലർക്ക്/സ്റ്റോർമാൻ/ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ പുനർനിമയനം ലഭിക്കുമ്പോൾ അനുവദിക്കുന്ന ശമ്പളനിർണ്ണയ ആനുകൂല്യം റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി)നം.159/2020/ധന** **തിരുവനന്തപുരം, തീയതി 23.11.2020**

---

പരാമർശം:- 1. സ.ഉ(അ)നം.290/1974/ധന. തീയതി 07.09.1974.
2. സ.ഉ(അ)നം.205/1977/ധന. തീയതി 26.05.1977.
3. സ.ഉ(അ)നം.266/1987/ധന. തീയതി 16.03.1987.
4. സ.ഉ(അ)നം.267/2007/ധന. തീയതി 22.06.2007.
5. സ.ഉ(അ)നം.408/2015/ധന. തീയതി 14.09.2015.
6. സ.ഉ(അ)നം.7/2016/ധന. തീയതി 20.01.2016.
7. 21.04.2016-ലെ കത്ത് നം.1157176/2016-Estt.(Pay-II).

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഇന്ത്യൻ സായുധ സേനയിലെ എക്സ് കോമ്പാറ്റന്റ് ക്ലർക്ക്/സ്റ്റോർമാൻ എന്നീ തസ്തികകളിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ജൂനിയർ ക്ലർക്ക്/സ്റ്റോർമാൻ എന്നീ സിവിൽ തസ്തികകളിൽ പുനർനിയമനം ലഭിക്കുമ്പോൾ അവരുടെ സായുധ സേനയിലെ സേവനകാലത്തിന് തുല്യമായ ഇൻക്രിമെന്റ് സംസ്ഥാന സർവ്വീസിൽ പുനർനിയമനം ലഭിക്കുന്ന തസ്തികയുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം നൽകി അതിൽ നിന്നും ടിയാൻ വാങ്ങുന്ന '15' രൂപയിൽ കൂടുതലുള്ള പെൻഷൻ തുക കുറവ് ചെയ്തു കിട്ടുന്ന തുക ടി ജീവനക്കാരുടെ അടിസ്ഥാന ശമ്പളമായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത ആനുകൂല്യം സംസ്ഥാന സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിക്കുന്നവർക്കു കൂടി അനുവദിച്ച് ഉത്തരവായിരുന്നു.

2) പരാമർശം (1) പ്രകാരം ശമ്പളനിർണ്ണയം നടത്തുമ്പോൾ ഒഴിവാക്കേണ്ട തുക (Ignorable Pension) 15 രൂപയായി നിശ്ചയിച്ചത് മിനിമം മിലിട്ടറി പെൻഷൻ 86/- രൂപയായിരുന്ന സമയത്താണ്. എന്നാൽ ടി തുകയിൽ നാളിതുവരെ ഭേദഗതി വരുത്തിയിട്ടില്ലായെന്ന് പരാമർശം (7) പ്രകാരം ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം (1) പ്രകാരം ശമ്പളനിർണ്ണയം നടത്തുമ്പോൾ ജീവനക്കാർക്ക് കാര്യമായ ആനുകൂല്യമൊന്നും ലഭിക്കുന്നില്ല. എന്നാൽ ചില വകുപ്പുകൾ ടി ഉത്തരവിലെ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിച്ച് സായുധ സേനയിലെ സേവനകാലത്തിന് തുല്യമായ ഇൻക്രിമെന്റ് സംസ്ഥാന സർവ്വീസിൽ പുനർനിയമനം ലഭിക്കുന്ന തസ്തികയുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം കൂട്ടി കിട്ടുന്ന തുകയെ പുതുക്കിയ അടിസ്ഥാന ശമ്പളമായി നിശ്ചയിച്ച് തെറ്റായ രീതിയിൽ ശമ്പള നിർണ്ണയം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പരാമർശം (5) പ്രകാരം ഇന്ത്യൻ സായുധ സേനയിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സിവിൽ സർവ്വീസിൽ നിയമനം ലഭിക്കുമ്പോൾ ഒന്നാം സമയബന്ധിത ഹയർഗ്രേഡിന് അർഹതയുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നവർക്ക് ഒന്നാം

സമയബന്ധിത ഹയർ ഗ്രേഡ് ആനുകൂല്യത്തിന് അർഹതയില്ലായെന്ന് പരാമർശം (6) ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പല വകുപ്പുകളും ജീവനക്കാർക്ക് പ്രസ്തുത രണ്ട് ആനുകൂല്യങ്ങളും ഒരേ സമയം അനുവദിച്ച് നൽകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി പരാമർശം (1) ഉത്തരവും ടി ഉത്തരവിനു അനുബന്ധമായി പുറപ്പെടുവിച്ച പരാമർശം (2), (3), (4) ഉത്തരവുകളും റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) ഈ ഉത്തരവിന് 01.07.2014 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(b) പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം മാത്രം നിലവിൽ കൈപ്പറ്റുന്നവർക്ക് ഈ ഉത്തരവിന്റെ വെളിച്ചത്തിൽ പുന:പരിശോധിക്കേണ്ടതില്ല.

(c) 01.07.2014-നു മുമ്പ് സംസ്ഥാന സർവ്വീസിൽ പുനർനിയമനം ലഭിക്കുകയും നാളിതുവരെയും പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം സ്വീകരിക്കാതിരിക്കുകയും ചെയ്ത ജീവനക്കാർക്ക് ഈ ഉത്തരവ് തീയതി മുതൽ പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം അനുവദിക്കേണ്ടതില്ല.

(d) വാർഷിക ഇൻക്രിമെന്റ് നൽകി ശമ്പളം പുനർനിർണ്ണയിച്ച ശേഷം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ പുന:പരിശോധിക്കേണ്ടതും പ്രസ്തുത ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് മാത്രം അനുവദിക്കേണ്ടതും അധികമായി നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(e) പരാമർശം (1) പ്രകാരം വാർഷിക ഇൻക്രിമെന്റ് നൽകി അടിസ്ഥാന ശമ്പളം തെറ്റായി പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ പുന:പരിശോധിക്കേണ്ടതും അധികമായി നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(f) ഇന്ത്യൻ സായുധ സേനയിലെ എക്സ് കോമ്പാറ്റന്റ് ക്ലർക്ക്/സ്റ്റോർമാൻ എന്നീ തസ്തികകളിൽ നിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് സംസ്ഥാന സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ജൂനിയർ ക്ലർക്ക്/സ്റ്റോർമാൻ എന്നീ സിവിൽ തസ്തികകളിൽ പുനർനിയമനം ലഭിക്കുമ്പോൾ ആണ് പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകുന്നത്. എന്നാൽ മിലിട്ടറി പെൻഷൻ നേടുന്നതിനു മുമ്പ് സർവ്വീസിൽ നിന്ന് വിടുതൽ ചെയ്യുകയോ രാജി വയ്ക്കുകയോ ചെയ്തവർ തുടർന്ന് സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുമ്പോൾ അവർക്ക് മേൽ ഉത്തരവിന്റെ ആനുകൂല്യം തെറ്റായി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അത്തരം കേസുകൾ പുന:പരിശോധിക്കേണ്ടതും തെറ്റായി നൽകിയ ആനുകൂല്യം തിരിച്ചുപിടിക്കേണ്ടതുമാണ്.

(g) ഓരോ ഓഫീസിലേയും സേവനപുസ്തകത്തിന്റെ സൂക്ഷിപ്പുകാരൻ/ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഇത്തരം കേസുകളിൽ പുന:പരിശോധന ആവശ്യമുണ്ടോ എന്നു പരിശോധിക്കേണ്ടതും ആവശ്യമുള്ള പക്ഷം മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും മേലധികാരി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

(h) കേസുകൾ പുന:പരിശോധിക്കുമ്പോഴും അധികമായി നൽകിയ ആനുകൂല്യം തിരിച്ചുപിടിക്കുമ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും ന്യായയുക്തമായ അവസരം നൽകി ടിയാനെ കേൾക്കേണ്ടതുമാണ്.

(i) ഇത്തരം വിഷയത്തിൽ എന്തെങ്കിലും സംശയമുള്ളപക്ഷം ധനകാര്യ (പെൻഷൻ-ബി) വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ഓഫീസുകൾക്കും, വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയറ്റിലെ നിയമ വകുപ്പുൾപ്പെടെ എല്ലാ വകുപ്പുകൾക്കും, വകുപ്പു മേധാവികൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/
ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രതിപക്ഷ നേതാവിന്റെയും
ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും രജിസ്ട്രാർമാർ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-1601522)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ